# അസ്നാന്റെ ചികിൽസയ്ക്ക് മൂലകോശം കണ്ടെത്താൻ ക്യാംപിൽ ആയിരങ്ങൾ

ഇരിങ്ങാലക്കുട • രക്താർബുദ ബാധിതനായ മൂന്ന് വയസുകാരൻ അസ്നാന്റെ ചികിൽസയ്ക്കായി മൂലകോശം ലഭ്യമാക്കുന്നതിന്റെ ഭാഗമായി നടത്തിയ രക്തമൂലകോശദാന റജിസ്ട്രേഷൻ ക്യാംപിൽ ആയിരങ്ങളെത്തി. പടിയൂർ പഞ്ചായത്തിലെ എഴാം വാർഡിലെ ഊളക്കൻ അക്ബറിന്റെ മകനാണ് അസ്നാൻ. ഇന്നലെ എടതിരിഞ്ഞി എച്ച്ഡിപി സമാജം സ്കൂളിലാണ് ക്യാംപ് നടത്തിയത്. ദാത്രി ബ്ലഡ് സ്റ്റം സെൽ ഡോണർ റജിസ്ട്രിയുടെ നേതൃത്വത്തിൽ ബ്ലഡ് ഡോണേഴ്സ് കേരള, മൈ ഇരിങ്ങാലക്കുട എന്നിവയുടെ സാങ്കേതിക സഹകരണത്തോടെ നടന്ന ക്യാംപിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു. 75 കൗണ്ടറുകളിലായി നൂറ്റിമ്പതിലധികം വൊളന്റിയേഴ്സ് ക്യാംപിന്റെ പ്രവർത്തനങ്ങളെ സുഗമമാക്കി. കെ.യു. അരുണൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് അംഗം എൻ.കെ. ഉദയപ്രകാശ്, ബ്ലോക്ക്, പഞ്ചായത്ത് അംഗങ്ങൾ, രാഷ്ട്രീയ-സാമൂഹിക രംഗത്തെ പ്രമുഖരും ക്യാംപിൽ എത്തിയിരുന്നു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് പഞ്ചായത്ത്തലത്തിൽ ഇത്തരത്തിൽ ഒരു ക്യാംപ് നടത്തുന്നതെന്ന് പടിയൂർ പഞ്ചായത്ത് പ്രസിഡന്റും സംഘാടകസമിതി ചെയർമാനുമായ കെ.സി. ബിജു പറഞ്ഞു.



അസ്നാന്റെ ചികിത്സാർഥം നടത്തിയ രക്തമൂലകോശദാന റജിസ്ട്രേഷൻ ക്യാംപ്.

എടതിരിഞ്ഞി സഹകരണ ബാങ്ക്, വിവിധ ക്ലബുകൾ, കുടുംബശ്രീ, ആശ വർക്കർമാർ എന്നിവരുടെ സഹായവും ക്യാംപിന് ഉണ്ടായിരുന്നു. കൺവീനർമാരായ അനൂപ് മാമ്പ്ര, കെ.വി. ഹരീഷ്, ഋഷിപാൽ കാവല്ലൂർ, കെ.പി. കണ്ണൻ എന്നിവർ നേതൃത്വം നൽകി.